പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **452**

**10.06.2014**- ലെ മറുപടിക്ക്

<u>സഹകരണ സംഘം ജീവനക്കാരുടെ പ്രൊമോഷന് നൽകുന്ന ഇളവുകൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘം ജീവനക്കാർക്ക് ഉയർന്ന തസ്തികകളിൽ പ്രൊമോഷൻ ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളിലാണ് ഇളവുകൾ അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) അടിസ്ഥാന യോഗ്യതയും, 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185 ഉപചട്ടം (5)-ൽ പ്രതിപാദിക്കുന്ന മത്സര പരീക്ഷയും ഒഴികെ പ്രമോഷന്റെ കാര്യത്തിൽ സംഘം എടുക്കുന്ന തീരുമാന അപേക്ഷയുടെ അടിസ്ഥാ നത്തിൽ, അർഹതയുള്ളവരിൽ നിശ്ചിത വ്യവസ്ഥ കൾക്ക് വിധേയമായി വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവുകൾ അനുവദിക്കപ്പെടുന്നുണ്ട്. |
| ബി) ഇപ്രകാരം ഇളവുകൾ അനുവദിച്ചിട്ടുള്ള ഉത്തരവുകളിലോ സർക്കുലറുകളിലോ ഭേദഗതികൾ വരുത്തുന്നതിന് ഉദ്ദേശി ക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) നിലവിൽ വിദ്യാഭ്യാസ ഇളവനുവാദം നൽകാത്ത ചീഫ് എക്സിക്യൂട്ടിവ് തസ്തികയോടൊപ്പം കേരള സംസ്ഥാന സഹകരണ ബാങ്കിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികകൾ, ജില്ലാ സഹകരണ ബാങ്കിലെ ബ്രാഞ്ച് മാനേജരും തത്തുല്യ തസ്തികകളും, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ ഡെപ്യൂട്ടി മാനേജർ തസ്തിക, 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള അർബൻ സഹകരണ ബാങ്കിലെ അസിസ്റ്റൻറ് സെക്രട്ടറി /മാനേജർ-ഉം തത്തുല്യ തസ്തികകളും എന്നിവ യിലേക്കും വിദ്യാഭ്യാസ ഇളവനുവാദം നൽകേണ്ട തില്ലെന്നും കൂടാതെ സർക്കാർ വിജ്ഞാപനം നിലവിൽ വരുന്ന തീയതി മുതൽ പ്രൈമറി /സെൻട്രൽ /അപ്പക്സ് സഹകരണ സംഘം / ബാങ്ക് സ്ഥാപനങ്ങൾ എന്നിവയിലെ സേവനത്തിൽ പ്രവേശിക്കപ്പെടുന്ന ഒരു ജീവനക്കാർക്കും വിദ്യാഭ്യാസ ഇളവനുവാദം നൽകേണ്ടതില്ലെന്നും ഉള്ള കരട് ചട്ടം ഭേദഗതി, 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185 ഉപചട്ടം (8) ക്ലോസ് (g) ആയി 14/2/2014-ലെ 365/13/സഹ നമ്പർ കരട് വിജ്ഞാപനപ്രകാരം നിലവിൽ വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**